പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഞാൻ ഇന്നലെത്തന്നെ സൂചിപ്പിച്ചതാണ് ശ്രീ. കെ. എം. മാണിയുടെ ഒരുകോടി രൂപയുടെ അഴിമതി. കൊച്ചുകുട്ടികൾപോലും വിശ്വസിക്കുന്നത് ശ്രീ. കെ.എം. മാണി ഒരുകോടി രൂപയുടെ അഴിമതി നടത്തിയെന്നാണ്........ (ബഹളം)......വിജിലൻസിനെ ഉപയോഗിച്ച്......

മി.സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്....ബിൽ അവതരിപ്പിച്ചതിനുശേഷം പോരേ?

ശ്രീ. മാത്യു. ടി. തോമസ്: അങ്ങ് ഒരിക്കൽ അനുവദിച്ചതല്ലേ; ....(ബഹളം)....

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: അങ്ങ് അനുവദിച്ചതാണല്ലോ; നിങ്ങളുടെ വിജിലൻസിനെ ഉപയോഗിച്ച് ശ്രീ. കെ. എം. മാണിയെ വിശുദ്ധനാക്കി. അതുപോലെതന്നെ നാറിയ കളികൾ ഇവിടെ വേണ്ട, ഡൽഹിയിൽ പോലും ഇത് പാട്ടാണ്. അതുകൊണ്ടൊന്നും .......

മി. സ്പീക്കർ: ....... (ബഹളം)......ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്.... ബിൽ അവതരിപ്പിച്ചിട്ടില്ല.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ....... (ബഹളം)......കക്ഷി ചേർന്ന് തെളിവുകൾ

നിരത്തി അത് തെളിയിക്കണം. 10 കോടി രൂപ കോഴവാങ്ങിയ ശ്രീ. കെ. ബാബുവിനെ നിങ്ങൾ കുറ്റവിമുക്തനാക്കി.

മി. സ്പീക്കർ: .......(ബഹളം)......ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്...ദയവായി അങ്ങ് ഇരിക്കണം. പ്ലീസ്....പ്ലീസ്.....

ശ്രീ. വി. എസ്. അച്യുതാനന്ദൻ:. വിജിലൻസിനെ ഉപയോഗിച്ചാണ് കുറ്റവിമുക്തനാക്കിയത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി...... ബിൽ അവതരിപ്പിച്ചിട്ടല്ലേ സംസാരിക്കേണ്ടത്? .......(ബഹളം)...... പ്രതിപക്ഷനേതാവിന് സഭയിൽ പ്രത്യേകമായ പരിഗണനയുണ്ട്. അതുകൊണ്ടാണ് പ്രതിപക്ഷനേതാവ് എഴുന്നേറ്റപ്പോൾ മൈക്ക് കൊടുത്തത്.

(പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിറങ്ങി സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)